മി. സ്പീക്കർ: ഇന്നിവിടെ അടിയന്തര പ്രമേയമായി കൊണ്ടുവന്നിരിക്കുന്നത് മുമ്പ് പലപ്പോഴും ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. പക്ഷേ, ഇത് കോടതിയുടെ പരിഗണനയിലുള്ള ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ പൂർണ്ണമായും സ്ട്രിക്റ്റായിട്ടുള്ള നിയമവശത്തിലേയ്ക്ക് കടക്കുന്നില്ല. ഈ വിഷയം ഇന്നിവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ അനുവദിക്കുകയാണ്. പക്ഷേ, ഓരോ തവണയും കോടതിയുടെ പരാമർശ വിഷയമായിട്ടുള്ള കാര്യങ്ങൾ നിയമസഭ ചർച്ച ചെയ്തുതുടങ്ങിയാൽ അതിനൊരു പരിധിയുണ്ടാവില്ല. അത് ശരിയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

## അടിയന്തരപ്രമേയം

### പാമോലിൻ കേസ്

മി. സ്പീക്കർ: പാമോലിൻ അഴിമതികേസ് പിൻവലിക്കാനുള്ള മന്ത്രിസഭാ തീരുമാനം തൃശൂർ വിജിലൻസ് കോടതി തള്ളിക്കളഞ്ഞിരിക്കുന്നു. പാമോലിൻ ഇടപാട് നടന്ന സമയത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയെ പ്രതിയാക്കാൻ പ്രോസിക്യൂഷന് അധികാരമുള്ളതിനാൽ അത് മറികടക്കുവാൻ വിചാരണയ്ക്കുമുമ്പായി കേസ് എഴുതിത്തള്ളുവാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, എം. ചന്ദ്രൻ, മാത്യൂ ടി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹു. അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 1992–ൽ ഉണ്ടായ പാമോലിൻ കേസ് അന്നുമുതൽ ഡെമോക്ലീസിന്റെ

വാളുപോലെ തൂങ്ങിക്കിടക്കുകയാണ്. 23 വർഷമായി ഒരു സാക്ഷിയെപ്പോലും വിസ്തരിക്കാനുള്ള അവസരമുണ്ടായിട്ടില്ല. ഇതുസംബന്ധിച്ച് സുപ്രീം കോടതിയിലും ഹൈക്കോടതിയും നിരവധി കേസുകളുണ്ടായി. ഈ ഇടപാടിലൂടെ സംസ്ഥാന ഗവൺമെന്റിന് ഉദ്ദേശിച്ച ലാഭമുണ്ടായില്ല എന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലാണ് ഈ കേസിനടിസ്ഥാനം. ഇതിലൂടെ സംസ്ഥാന ഗവൺമെന്റിന് നഷ്ടമുണ്ടായതായി ഒരിടത്തും പറയുന്നില്ല. സംസ്ഥാന ഗവൺമെന്റ് 28-03-2005-ൽ ജി.ഒ.(ആർ.ടി.) നം. 105/2005. വിജിലൻസ് തീയതി, 28-03-2005-ലാണ് ഈ കേസ് ആദ്യമായി പിൻവലിക്കാൻ തീരുമാനിച്ചത്. 25-07-2006-ൽ പിന്നീട് വന്ന ഗവൺമെന്റ് ഈ കേസ് പിൻവലിക്കേണ്ടതില്ലെന്ന് ജി.ഒ.(ആർ.ടി.) നം.143/2006/ വിജിലൻസ് തീയതി 25-07-2006 പ്രകാരം തീരുമാനമെടുത്തു. ഈ കേസ് സുപ്രീം കോടതിയിൽ പെൻഡിംഗായിരുന്നു. മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ മരണത്തിനുശേഷം ബഹുമാനപ്പെട്ട കോടതി കേസ് വിചാരണ തിരിച്ചയയ്ക്കുകയാണുണ്ടായത്. ഈ കേസിന്റെ ചരിത്രം പരിശോധിച്ചാൽ രണ്ട് തവണ ഈ കേസ് വിത്ഡ്രോ ചെയ്യാമെന്നുള്ള സുപ്രീം കോടതി പരാമർശം നടത്തിയ കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജി.ഒ.(ആർ.ടി) നം. 145/2013 വിജിലൻസ് തീയതി 13.09.2013 പ്രകാരം 2005-ലെ ഉത്തരവ് റിവൈവ് ചെയ്യാനാണ് ഇപ്പോഴത്തെ മന്ത്രിസഭാ യോഗം തീരുമാനിച്ചത്. അതനുസരിച്ച് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കുകയും തുടർന്ന് കേസിന്റെ ചാർജ്ജുള്ള ലീഗൽ അഡ്വൈസർ സിആർ.പി.സി. 321-ാം വകുപ്പുപ്രകാരം പെറ്റീഷൻ തയ്യാറാക്കി വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു.

ഈ അപേക്ഷയിന്മേൽ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. വി. എസ്. സുനിൽ കുമാർ എന്നിവർ ഹർജിയെ എതിർത്തുകൊണ്ട് പ്രത്യേക ഹർജികൾ സമർപ്പിച്ചു. വിശദമായ വാദം കേട്ടതിനുശേഷം കോടതി കേസ് വിത്ഡ്രോ ചെയ്യാനുള്ള അനുമതി നൽകിയില്ല. രണ്ടുപോയിന്റുകളാണ് കേസ് വിത്ഡ്രോ ചെയ്യാനുള്ള ഗവൺമെന്റ് തീരുമാനത്തിനെതിരായി വിജിലൻസ് കോടതി സൂചിപ്പിച്ചത്. ഒന്ന്, ഈ കേസിൽ ഹാജരായ ലീഗൽ അഡ്വൈസർക്ക് ലീഗൽ കോമ്പിറ്റൻസി ഇല്ലെന്നുള്ളതാണ്. വിജിലൻസിന്റെ ട്രിവാൻഡ്രം സ്പെഷ്യൽ സെല്ലിലെ കേസുകളുടെ ചുമതല ലീഗൽ അഡ്വൈസർക്കാണ്. ലീഗൽ അഡ്വൈസറായ ശ്രീ. സി. സി. അഗസ്റ്റിനാണ് ഈ കേസിൽ അവസാനമായി ഹാജരായത്. ശ്രീ. സി. സി. അഗസ്റ്റിന് മറ്റുപല കേസുകളിലും ഹാജരാകേണ്ടിവന്ന സാഹചര്യത്തിലാണ് അദ്ദേഹം അഡീഷണൽ ലീഗൽ അഡ്വൈസറായ ബിജു മനോഹറെ ഈ കേസിൽ ഹാജരാകാൻ ചുമതലപ്പെടുത്തിയത്. ശ്രീ. സി. സി. അഗസ്റ്റിൻ മറ്റുകേസുകളിൽ നിന്ന് ഫ്രീയായ സാഹചര്യത്തിൽ ലീഗൽ അഡ്വൈസറായി വീണ്ടും ഈ കേസിൽ അദ്ദേഹം ഹാജരാകുകയാണുണ്ടായത്. അതുകൊണ്ട് ലീഗൽ അഡ്വൈസറായ സി. സി. അഗസ്റ്റിന് ഈ കേസിൽ ഹാജരാകാൻ കഴിയില്ലെന്നുള്ള നിലപാട് ശരിയല്ല. സിആർ.പി.സി.321-ാം വകുപ്പുപ്രകാരം Public Prosecutor in charge of the case is only competent to file the withdrawal of petition. Cr.PC 321 അനുസരിച്ച് ലീഗൽ കോമ്പിറ്റൻസി ഈ ലീഗൽ അഡ്വൈസർക്ക് ഉള്ളതുകൊണ്ടാണ് ശ്രീ. സി. സി. അഗസ്റ്റിൻ തൃശൂർ വിജിലൻസ് കോടതി മുമ്പാകെ കേസ് വിത്ഡ്രോ ചെയ്യാനുള്ള പെറ്റീഷൻ മൂവ് ചെയ്യുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്തത്. അദ്ദേഹം മറ്റുകേസുകളുടെ തിരക്കിനിട

യിൽപ്പെട്ട സന്ദർഭത്തിൽ മാത്രമാണ് അഡീഷണൽ ലീഗൽ അഡ്വൈസറെ ചുമതലപ്പെടുത്തിയത്. അതുകൊണ്ട് ഈ കാര്യത്തിൽ ലീഗൽ അഡ്വൈസർക്ക് ലീഗൽ കോമ്പിറ്റൻസിയില്ലെന്ന് പറയുന്ന വാദം ശരിയല്ല. രണ്ടാമതായി പൊതുതാൽപ്പര്യം മുൻനിർത്തിയല്ല ഈ കേസ് വിത്ഡ്രോ ചെയ്തതെന്നുപറഞ്ഞു. ഈ കേസിനാസ്പദമായ ഇടപാടിലൂടെ സംസ്ഥാന ഖജനാവിന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ല. ഉദ്ദേശിച്ചത്ര ലാഭമുണ്ടായില്ലെന്നൊരു കണ്ടെത്തൽ മാത്രമാണ് എ. ജി. നടത്തിയത്. എന്നാൽ ബംഗാൾ, തമിഴ്നാട് പോലുള്ള മറ്റ് സംസ്ഥാനങ്ങൾ അന്ന് പാമോയിൽ ഇറക്കുമതി ചെയ്തതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് സംസ്ഥാന ഗവൺമെന്റ് പാമോയിൽ വാങ്ങിയതെന്നുള്ള വസ്തുതയും പ്രത്യേകം പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. അതു മാത്രമല്ല, സെൻട്രൽ വിജിലൻസ് കമ്മീഷന്റെ പരാമർശം ഈ സന്ദർഭത്തിൽ വളരെ ശ്രദ്ധേയമാണ്. കേന്ദ്ര വിജിലൻസ് കമ്മീഷൻ ഇക്കാര്യങ്ങൾ പരിശോധിക്കുകയും 25-07-2007-ലെ ഓഫീസ് മെമ്മോറാണ്ടത്തിൽ താഴെപ്പറയുംപ്രകാരം പറയുകയും ചെയ്യുന്നു, The prosecution against the officials be dropped, since no case is made out against them in connection with the alleged conspiracy with other servants and private persons in the matter of Palmolein, through a private firm. The above said officers acted in accordance with a legitimately taken Cabinet decision and no loss has caused to the State Government and the most important fact that no case is made out of that they had derived any benefit from the transaction. പ്രസ്തുത ഇടപാടിലൂടെ ഗവൺമെന്റിന്

യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലെന്നും ക്യാബിനറ്റ് തീരുമാനപ്രകാരമാണ് ഉദ്യോഗസ്ഥന്മാർ ആക്ട് ചെയ്തതെന്നും, ഈ ട്രാൻസാക്ഷൻ യാതൊരു തരത്തിലും സംസ്ഥാനത്തിന് ദോഷകരമായി വന്നിട്ടില്ലെന്നും സെൻട്രൽ വിജിലൻസ് കമ്മീഷൻ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ in good faith ആണ് സംസ്ഥാന ഗവൺമെന്റ് ഈ കേസ് വിത്ഡ്രോ ചെയ്യാനുള്ള തീരുമാനമെടുത്തത്. അതുകൊണ്ട് ഈ കേസിൽ തൃശ്ശൂർ വിജിലൻസ് കോടതി പറഞ്ഞിട്ടുള്ള പരാമർശങ്ങൾ ശരിയല്ലെന്നുള്ള ഈ ഗവൺമെന്റിന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിൽ അപ്പീൽ നൽകുവാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഈ അടിയന്തരപ്രമേയത്തെക്കുറിച്ച് അങ്ങ് പറഞ്ഞൊരുകാര്യം ഇത് കോടതിയിൽ പെൻഡിംഗിലുള്ള കേസാണെന്നാണ്. അതുകൊണ്ട് ഇത് പരിഗണിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം പറയുകയുമുണ്ടായി. പക്ഷേ, ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിന് പ്രധാനപ്പെട്ടൊരു കാരണവും അതുതന്നെയാണ്. ഈ കേസ് പിൻവലിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ഒരു ഉത്തരവുണ്ട്. മാത്രമല്ല, മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് മന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതു സംബന്ധിച്ച് എഴുതിയൊരു നോട്ടുണ്ട്. ഈ കേസ് സുപ്രീം കോടതി മുതൽ ഹൈക്കോടതി വരെയുള്ള കോടതികൾ പരിശോധിച്ചതാണെന്നാണ്. ഈ കേസ് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും പരിഗണനയിലിരിക്കുന്ന ഒരു കേസായതുകൊണ്ട് അത് തീർപ്പാക്കുന്നതുവരെ ഇതു പിൻവലിക്കാൻ പാടില്ലെന്ന് എഴുതിയത് അങ്ങയുടെ മുൻഗാമിയായ ശ്രീ. തിരുഞ്ചൂർ

രാധാകൃഷ്ണനാണ്. അങ്ങനെയൊരു കേസ് നിലനിൽക്കെയാണ് ബഹുമാന പ്പെട്ട ഗവൺമെന്റ് ആർബിട്രറിയായി ഈ കേസ് പിൻവലിക്കാൻ തീരുമാനിച്ച തെന്ന അടിയന്തര സാഹചര്യം നിലനിൽക്കുന്നുവെന്ന കാര്യം ഓർമ്മിപ്പിക്കു കയാണ്. കാരണം, ഒരു കേസ് പിൻവലിക്കാൻ ഗവൺമെന്റിന് സിആർ.പി. സി. 321 പ്രകാരം അധികാരമുണ്ട്. ഈ കേസിൽ വളരെ പ്രധാനപ്പെട്ട പല വിഷയങ്ങളുമുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ പലകാര്യങ്ങളും വസ്തുതാവിരുദ്ധമാണ്. സുപ്രീം കോടതി ഈ കേസ് പിൻവലിക്കാൻ പലപ്പോഴും ആവശ്യപ്പെട്ടുവെന്നാണ് അദ്ദേഹം പറ ഞ്ഞത്. അങ്ങനെ ഒരിക്കലും ഉണ്ടായിട്ടില്ല. മുൻമുഖ്യമന്ത്രി കെ. കരുണാകരൻ ഉൾപ്പെടെയുള്ള ആളുകൾ ടി കേസിനെതിരെ സുപ്രീം കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയും അദ്ദേഹത്തിന്റെ മരണശേഷം ആ സ്റ്റേ വെക്കേറ്റ് ചെയ്യപ്പെ ടുകയും ചെയ്തിട്ടുണ്ട്. 07.05.2013-ൽ ഈ കേസിൽ അഞ്ചാം പ്രതിയും രണ്ടാം പ്രതിയും ഇതേ കോടതിയിൽ കൊടുത്ത ഡിസ്ചാർജ്ജ് പെറ്റീഷൻ ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ലെന്ന് പറഞ്ഞത് ഈ ഗവൺമെന്റാണ്. അതിനു കാരണമായി പറഞ്ഞത് prima-facie ഇതിന് കേസു ണ്ടെന്നും ഈ കേസ് ട്രയലിന് വിധേയമാക്കപ്പെടണമെന്നും ഈ ഇടപാടി ലൂടെ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടെന്നും അവർ ശിക്ഷയ്ക്ക് വിധേയമാ ക്കപ്പെടേണ്ടവരായതുകൊണ്ട് ഒരു കാരണവശാലും ഈ കേസിൽ നിന്നും ഇവരെ ഡിസ്ചാർജ്ജ് ചെയ്യാൻ പാടില്ലെന്നും പറഞ്ഞ അതേ കോടതിയിൽ ഈ കേസ് പിൻവലിക്കണമെന്ന് ഗവൺമെന്റ് പറയുന്നത് എന്ത് അടിസ്ഥാന ത്തിലാണ്. 2005-ൽ ഈ കേസ് പിൻവലിക്കാൻ ഉമ്മൻചാണ്ടി ഗവൺമെന്റ് തീരുമാനിച്ചു. അന്ന് കോടതിയിൽ സമർപ്പിച്ച കാര്യകാരണസഹിതമുള്ള

അഫിഡവിറ്റും 2013–ൽ ഈ കേസ് പിൻവലിക്കാനായി കൊടുത്ത അഫിഡവിറ്റുകളും രണ്ടും രണ്ടാണ്. അവയിൽ രണ്ടിലും പറയുന്ന കാര്യങ്ങളും വ്യത്യസ്തമാണ്. ഇതിനകത്ത് ആരുടെ താൽപ്പര്യമാണ്? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തുടക്കത്തിൽ വളരെ വ്യക്തമായി ഒരു കാര്യം പറഞ്ഞു – ഈ കേസ് ഡെമോക്ലസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുകയാണെന്ന്. ആരുടെ തലയിലാണ് ഈ ഡെമോക്ലസിന്റെ വാൾ തൂങ്ങിക്കിടക്കുന്നത്? വാള് തൂങ്ങിക്കിടക്കുന്നത് ഈ കേസിലെ 23–ാം സാക്ഷിയായ അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടിയുടെ തലയ്ക്ക് മുകളിലാണ്. അതാണ് ഈ കേസിന്റെ പ്രധാനപ്പെട്ട കാര്യം. 2001 മുതൽ 2004 വരെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയാണ്. 2001–ലാണ് ഈ കേസ് ചാർജ്ജ് ചെയ്യപ്പെടുന്നത്. ശ്രീ. എ.കെ. ആന്റണി കേസ് പിൻവലിക്കാനോ കേസിൽ ഇടപെടാനോ ഒരിക്കലും തയ്യാറായിട്ടില്ല. പക്ഷേ 2005–ൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായപ്പോൾ ഈ കേസ് പിൻവലിക്കാൻ അദ്ദേഹം തീരുമാനിച്ചു. 2006–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ആ തീരുമാനം പിൻവലിച്ചു. ഞാൻ ചരിത്രത്തിലേയ്ക്ക് പോകുന്നില്ല. ആ തീരുമാനത്തിനെതിരെ കെ. കരുണാകരൻ ഹൈക്കോടതിയിൽ പോയി. തള്ളക്കളഞ്ഞു. ആ തീരുമാനം തെറ്റാണെന്ന് ഹൈക്കോടതിയിൽ സമർത്ഥിക്കാൻ മുൻ മുഖ്യമന്ത്രി കെ. കരുണാകരന് പോലും സാധിച്ചില്ല. തള്ളിക്കളഞ്ഞു. വീണ്ടും ഈ ഗവൺമെന്റ് വന്നു. ഇപ്പോൾ വീണ്ടും ഈ കേസ് പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സിആർ.പി.സി. 321 പ്രകാരം ഒരു കേസ് പിൻവലിക്കുമ്പോൾ അതിന് ചില നടപടിക്രമങ്ങളുണ്ട്. ഇത് നിയമപ്രകാരം മാത്രമേ സാധിക്കുകയുള്ളൂ. പ്രോസിക്യൂഷന്റെ ഡിസ്ക്രീഷൻ അനുസരിച്ചാണ് ചെയ്യുന്നത്. ഒരു കേസിൽ ഉൾപ്പെട്ടിരിക്കുന്നത് സ്വകാര്യ വ്യക്തിയാണെങ്കിൽ

അദ്ദേഹം കൊടുത്ത കേസ് പിൻവലിക്കാം. എന്റെ കേസ് ഞാൻ പിൻവലിക്കുന്നുവെന്ന് കോടതിയോട് പറഞ്ഞാൽ കോടതിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. പക്ഷേ ഈ കേസിൽ ഡിഫാക്റ്റോ കംപ്ലയിനന്റും ഡിജൂറാ കംപ്ലയിനന്റും എന്ന് പറയുമ്പോൾ, ഡിജൂറാ കംപ്ലയിനന്റ് സർക്കാരും ഡിഫാക്റ്റോ കംപ്ലയിനന്റ് വാദിയുമാണ്. ഇവിടെ ഡിഫാക്റ്റോ കംപ്ലയിനന്റ് ഇല്ല. ഇവിടെ ഡിജൂറാ കംപ്ലയിനന്റും ഡിഫാക്റ്റോ കംപ്ലയിനന്റും സർക്കാർ തന്നെയാണ്. കാരണം ഈ കേസ് ഒരു അഴിമതി കേസാണ്. അഴിമതി കേസ് പോലെയുള്ള വളരെ സുപ്രധാനമായ കേസുകൾ പിൻവലിക്കുമ്പോൾ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ തന്നെ സുപ്രീംകോടതി വിധിയിലൂടെ പറഞ്ഞിരിക്കുന്നു. ഇത്തരം കേസുകൾ പിൻവലിക്കാൻ ബാഹ്യസമ്മർദ്ദങ്ങൾക്ക് വിധേയമായി ആർബിട്രറിയായി ഉത്തരവിറക്കാൻ ആർക്കും അധികാരമില്ലെന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ സുപ്രീംകോടതി ജഡ്ജിയായിരിക്കുമ്പോൾ പറഞ്ഞ കാര്യമാണ്. സിആർ.പി.സി. 321 പ്രകാരം ഒരു കേസ് പിൻവലിക്കുമ്പോൾ പ്രോസിക്യൂഷന് ഇതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണം. ഒന്നാമതായി, ഈ കേസ് നടത്തിയ ആൾ ജയിക്കാനോ അല്ലെങ്കിൽ ഈ കേസ് പൂർത്തീകരിക്കാനോ വിചാരണ ചെയ്തതിന്റെ പേരിൽ ഒരു ഗുണവും സ്റ്റേറ്റിനുണ്ടാകുന്നില്ല, ജയിക്കാനുള്ള ഒരു സാദ്ധ്യതയുമില്ലെന്ന് ബോദ്ധ്യപ്പെടണം. രണ്ടാമത്തെ കാര്യം, ഇത് സാമൂഹ്യനീതിക്കോ നീതിന്യായവ്യവസ്ഥയ്ക്കോ യാതൊരുവിധത്തിലും ഗുണമുള്ള ഒരു കേസ് അല്ലെന്ന് തോന്നിയ ഘട്ടത്തിൽ മാത്രമെ കേസ് പിൻവലിക്കാൻ പ്രോസിക്യൂഷന് ആവശ്യപ്പെടാൻ കഴിയുകയുള്ളൂ. അത് പ്രോസിക്യൂഷന്റെ ഡിസ്ക്രീഷനാണ്. പ്രോസിക്യൂഷന്റെ ഡിസ്ക്രീഷനെയാണ് ഈ ഗവൺമെന്റ് ചോദ്യം ചെയ്തിരിക്കുന്നത്. ഈ കേസ് പിൻവലിക്കാനായി കാര്യകാരണ സഹിതം 6 കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഏഴാമത്തെ

കാര്യത്തിൽ ഇവർ പറഞ്ഞിരിക്കുന്ന കാര്യമാണ് പ്രധാനപ്പെട്ട കാര്യം. ഇത് നോട്ട് ചെയ്യണം. 6 കാര്യങ്ങൾ യാതൊരു അടിസ്ഥാനവുമില്ലാത്ത കാര്യങ്ങളായതുകൊണ്ട് അവ ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ആവശ്യമെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. In the above circumstances Government have examined the whole matter in detail and pleased to cancel G.O. (R) No.143/2006/Vigilance dated 25/07/2006. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ........and order that necessary action shall be taken as stipulated in G.O. 2005. അതായത് ഒരിക്കലും ഒരു ഗവൺമെന്റിന് പ്രോസിക്യൂഷന് ഡിസ്ക്രീഷനുള്ള പവർ ഉപയോഗിക്കേണ്ട ഘട്ടത്തിൽ സർക്കാരിന്റെ ഉദ്യോഗസ്ഥനായ പ്രോസിക്യൂഷനോട് shall be taken എന്ന ഒരു വാക്ക് ഉപയോഗിക്കുന്നു, അത് ആർബിട്രറിയായ ഉത്തരവാണ്. May be taken എന്ന് ഉപയോഗിക്കാം. Shall be taken എന്ന് പറഞ്ഞാൽ അവിടെ അദ്ദേഹത്തിന് വേറൊരു ഓപ്ഷനില്ല. സർക്കാരിന്റെ ശക്തമായ, കല്ലിൽ വച്ച് കൊത്തിയതുപോലെയുള്ള ഒരു ഉത്തരവ് വന്നാൽ ഒരു പ്രോസിക്യൂഷനും അനങ്ങാൻ സാധിക്കില്ല. ഇത് വ്യക്തമായ അധികാര ദുർവിനിയോഗമാണ്. Shall be taken എന്ന് ഗവൺമെന്റ് വ്യക്തമായി പറയുന്നു, നിങ്ങൾ എടുത്തിരിക്കണം, may be taken എന്നല്ല. വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടറായി വച്ചിരിക്കുന്ന അദ്ദേഹത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇത് സത്യവിരുദ്ധമായ കാര്യമാണ്. അങ്ങ് പറയുന്നത് ശരിയല്ല. അഡീഷണൽ ലീഗൽ അഡ്വൈസറായ ബിജുമനോഹറിനെ സ്പെഷ്യൽ പ്രോസിക്യൂട്ടറായ

പി. അഹമ്മദ് രാജിവച്ച സ്ഥലത്താണ് രേഖ പ്രകാരം നിയോഗിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ അഗസ്റ്റിന് ഒഴിവില്ലാത്തതുകൊണ്ട് വച്ചതല്ല. അങ്ങേയ്ക്ക് ഇക്കാര്യം അറിയാത്തതുകൊണ്ടാണോ എന്നറിയില്ല. അങ്ങ് ഇക്കാര്യങ്ങളെല്ലാം വളരെ വിശദമായി പരിശോധിക്കണം. ഇക്കാര്യങ്ങ ളെല്ലാം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനറിയാം. ശ്രീ. സി. സി. അഗസ്റ്റിന് പകരമല്ല ശ്രീ. ബിജുമനോഹർ വന്നത്. ഈ കേസിന്റെ തൊട്ട് മുമ്പുവരെ അതായത് 26–09–2013 വരെ ഈ കേസിന്റെ എല്ലാ ഘട്ടങ്ങളിലും ആദ്യം മുതൽ, ഈ ഗവൺമെന്റ് വന്നപ്പോൾ ഹാജരായിക്കൊണ്ടിരുന്ന ആളാണ് ശ്രീ. ബിജുമനോഹർ. ഈ ബിജുമനോഹറാണ് ജിജിതോംസന്റെയും രണ്ടാം പ്രതിയുടെയും ഡിസ്ചാർജ്ജ് പെറ്റീഷൻ അവിടെ വന്നപ്പോൾ ഗവൺമെന്റി നുവേണ്ടി ഒരു കാരണവശാലും ഇത് പിൻവലിക്കാൻ പാടില്ല, പ്രഥമദൃഷ്ട്യാ ശിക്ഷിക്കപ്പെടാൻ കഴിയുന്ന ഗുരുതരമായ ട്രയൽ ചെയ്യപ്പെടേണ്ട കേസു ണ്ടെന്ന് പറഞ്ഞ പ്രോസിക്യൂഷന് എങ്ങനെയാണ് അതേ കോടതിയിൽ പോയി പറയാൻ കഴിയുക? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്കോ മറ്റ് മന്ത്രി മാർക്കോ കഴിയുമായിരിക്കാം. പക്ഷേ സി.ആർ.പി.സി. 324 പ്രകാരം ഡിസ്ക്രീഷനുള്ളപ്പോൾ എങ്ങനെയാണ് സാധിക്കുക? സാധിച്ചില്ല. അതുകൊണ്ട് അദ്ദേഹം പറ്റില്ലെന്ന് പറഞ്ഞു. അവിടെയാണ് ഈ പുതിയ അവതാരം പ്രത്യക്ഷപ്പെടുന്നത്. അദ്ദേഹം വന്നപ്പോൾ കോടതി ചോദിച്ചു, നിങ്ങൾ ആരാണ്; നിങ്ങളുടെ ഉത്തരവ് എവിടെ? അപ്പോൾ അദ്ദേഹത്തിന് വിജിലൻസ് കമ്മീഷണറുടെ ഡയറക്ടർ ഒരു കടലാസ്സ് കൊടുത്തു. ആ കട ലാസ്സിലെ തീയതിക്കുമുൻപും അതിനുശേഷവും ബിജുമനോഹർ ഇതേ കേസിൽ ഹാജരായിട്ടുണ്ട്. അതിന്റെ അർത്ഥമെന്താണ്? ഈ കേസ് പിൻവലി

ക്കാൻ ഉത്തരവ് വന്ന അന്ന് ബിജുമനോഹർ പറഞ്ഞു, ഈ കേസ് പിൻവലി ക്കാൻ ഗവൺമെന്റിന്റെ ഉത്തരവ് ഉണ്ടായിട്ടുണ്ട്. അത് പിന്നീട് ഞാൻ കോട തിയിൽ പറയാമെന്നുപറഞ്ഞ് പിൻമാറുകയാണുണ്ടായത്. അപ്പോൾ ഈ കേസിൽ തങ്ങൾക്കനുകൂലമായി അതായത് ഇവിടെ ഡെമോക്ലസിന്റെ വാളു പോലെ തൂങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയെ വിടുതൽ ചെയ്തുകൊണ്ടുള്ള ഉത്തരവ് വന്ന 2011–ൽ വിജിലൻസ് എസ്.പി. ഒരു അന്വേ ഷണം നടത്തി. അന്ന് ഹനീഫ എന്നുപറയുന്ന ജഡ്ജിനു മുമ്പാകെ ശ്രീ. ഉമ്മൻചാണ്ടിയുടെ വിറ്റ്നസ് സി.ഡബ്ല്യു. 23 യുടെ പങ്കാളിത്തത്തെക്കുറിച്ച് അന്വേഷിക്കാനായി അന്ന് ഒരു വിജിലൻസ് എസ്.പി. യെ ചുമതലപ്പെടുത്തി യിരുന്നു. ആ വിജിലൻസ് എസ്.പി. കൊടുത്തിരിക്കുന്ന റിപ്പോർട്ടിൽത്തന്നെ അദ്ദേഹം വളരെ വ്യക്തമായി പറയുന്നു, ഉമ്മൻചാണ്ടിക്ക് ക്ലീൻ ചിറ്റ് കൊടു ക്കുമ്പോഴും ആ എസ്.പി. വളരെ വ്യക്തമായി പറയുന്നുണ്ട്, ഈ പറയുന്ന സിവിൽ സപ്ളൈസ് ഡിപ്പാർട്ടുമെന്റും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥ ന്മാരും ഇതിൽ ഗുരുതരമായ അഴിമതി കാണിച്ച് സർക്കാരിന് നഷ്ടമുണ്ടാക്കി യിട്ടുണ്ട്. എന്നാൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് പങ്കില്ല എന്ന ക്ലീൻ ചിറ്റ് കൊടുത്തപ്പോഴാണ് ഹനീഫ പറഞ്ഞത്, നിങ്ങളോട്, ഫിനാൻസ് ഡിപ്പാർട്ടു മെന്റ് തെറ്റ് ചെയ്തോ ഇല്ലയോ എന്ന് പരിശോധിക്കാനല്ല പറഞ്ഞത്. സി.ഡബ്ല്യു.–23 ഇതിൽ തെറ്റുകാരനാണോ അല്ലയോ എന്ന് പരിശോധിക്കാനാ ണ് നിങ്ങളോട് പറഞ്ഞത്. നിങ്ങൾ അത് ചെയ്യുന്നതിനുപകരം ഫിനാൻസ് ഡിപ്പാർട്ടുമെന്റും ഫിനാൻസ് മന്ത്രിയും രണ്ടും രണ്ടാണ് എന്ന് വ്യക്തമാക്കി ക്കൊണ്ടുള്ള ഹനീഫയുടെ ഉത്തരവുണ്ടായി. അതുകൊണ്ടാണ് പണ്ട് ശ്രീ. പി.സി. ജോർജ് പാകിസ്ഥാൻ ചാരനെന്ന് പറഞ്ഞ് അദ്ദേഹത്തെ അധിക്ഷേപി

ച്ചത്. ജസ്റ്റിസ് വി. ഭാസ്കരൻ തൃശ്ശൂർ വിജിലൻസ് കോടതിയിലേയ്ക്ക് വന്നതിനുശേഷം 2012 മെയ് മാസം 24-ാം തീയതി ഈ കേസിൽ ഉമ്മൻചാണ്ടിയുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള അന്വേഷണം നടത്തി വിജിലൻസ് എസ്. പി.ക്ക് കൊടുത്ത അദ്ദേഹത്തിന്റെ റിപ്പോർട്ട്.... ആ റിപ്പോർട്ടിനെക്കുറിച്ച് അദ്ദേഹം പറഞ്ഞ ഒരു പരാമർശമുണ്ട്. ഈ റിപ്പോർട്ട് ഞാൻ അംഗീകരിക്കുന്നു. ഇതിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി, ഫിനാൻസ് വകുപ്പുമന്ത്രിയെപ്പറ്റി പറഞ്ഞ കാര്യങ്ങൾ ഞാൻ അംഗീകരിക്കുന്നു. പക്ഷേ അന്ന് അദ്ദേഹം ഉത്തരവിറക്കുമ്പോൾ ഇരുപതാമത്തെ ഖണ്ഡികയായി പറയുന്ന ഒരു കാര്യമുണ്ട്. അത് ഇപ്പോൾ വായിക്കാൻ അനുവദിക്കണം. There is no material available suggesting the involvement of CWD 23 in the **Palmolein** deal. In **the** further investigation report nothing could be brought to indicate the complicity of any other person other than the person already arrayed as an accused. Hence the further report filed on 7-1-2012 is accepted. The question whether apart from the existing accused any other person is involved in the alleged commission **of offence** is a matter of offence, with this Court can **consider the** exercise the power under section 319 of Cr.PC. It is made clear that the above findings will not preclude this Court from exercising the power under section 319 of Cr.PC at the appropriate State if sufficient materials are brought out in evidence against any person including CW 23.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വിചാരണ നടക്കുമ്പോൾ, വിചാരണയുടെ ഏത് ഘട്ടത്തിലും ആവശ്യമായ തെളിവുകൾ ഉയർന്നു വന്നാൽ 23–ാം സാക്ഷിയടക്കം പ്രതി ചേർക്കാനുള്ള സാധ്യത തള്ളിക്കളയു ന്നില്ലായെന്നാണ് ഭാസ്ക്കരൻ നായരുടെ വിധിയിൽ പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: 13 മിനിട്ടായി. പ്ലീസ്........... പ്ലീസ്.........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ കേസ്സിൽ അക്യൂസ്ഡ് 2, അക്യൂസ്ഡ് 5 എന്നീ രണ്ടുപേരും.........

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പാമോയിൽ ഡീലിൽ ഒന്നും സംഭവിച്ചിട്ടില്ലായെന്ന് ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ: നോ...... നോ...... എല്ലാം പ്രധാനപ്പെട്ടതാണ്. പ്ലീസ്..... പ്ലീസ്.........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ........ ശ്രീ. എം. എം. ഹസൻ, ചെയർമാൻ........

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, മൈക്ക് ഓഫ് ചെയ്യും. അത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. എ. കെ. അബു, ശ്രീ. ഇസ്ഹാക്ക് കുരിക്കൾ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. നാരായണൻ നമ്പൂതിരി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. പി. വിശ്വനാഥൻ

എന്നിവരടങ്ങുന്ന കമ്മിറ്റി വളരെ വ്യക്തമായി ഇതിനകത്ത് അഴിമതി യുണ്ടെന്നും സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ട് എന്നുമുള്ള.......

മി. സ്പീക്കർ: പ്ലീസ്........ പ്ലീസ്.........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ ഡെമോക്ലസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുന്നത് ആരുടെ തലയിലാണെന്ന് അങ്ങ് വ്യക്തമാക്കണം. ഈ കേസ്സിൽനിന്നും എത്രമാത്രം ഒഴിവാക്കാൻ ശ്രമിച്ചാലും നീതിന്യായ വ്യവസ്ഥയുടെ മുന്നിൽ ഇതിലെ പ്രതിയാക്കപ്പെടാൻ സാധ്യത യുള്ള ഒരാളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. അത് വ്യക്തിപര മായ ആക്ഷേപമല്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതുകൊണ്ട് ഈ കേസ് ട്രയൽ ചെയ്യപ്പെട്ട് സത്യമാണോ അല്ലയോ, ഇതിൽ ആരാണ് തെറ്റുകാരൻ, ആരാണ് കുറ്റവാളി, ആരാണ് നിരപരാധിയെന്ന് തെളിയിക്കേണ്ടത് കോടതിയാണ്. ആ കോടതിയിൽ ട്രയൽ ചെയ്യപ്പെട്ട ഒരു അഴിമതിക്കേസ് പുറത്തുകൊണ്ടുവരാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റ് ആ കേസ്സിലെ പ്രതികൾക്കുവേണ്ടി വാദിച്ച് അതിൽ പ്രതിയാക്കപ്പെടാനിടയുള്ള ശ്രീ. ഉമ്മൻ ചാണ്ടിയെ സംരക്ഷിക്കാൻ വേണ്ടി, എന്നെന്നേയ്ക്കുമായി ഈ കേസ് കുഴിച്ചുമൂടാൻവേണ്ടി നടത്തിയ നിഗൂഢമായ, വ്യക്തമായ അധികാര ദുർവിനിയോഗമാണ് ഈ കേസ് പിൻവ ലിക്കാൻ തീരുമാനിച്ചത്. ഇത് അതീവ ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ടാണ് ഇത് നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്ന് ജഡ്ജി പറഞ്ഞത്. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും യാഥാർത്ഥ്യത്തോട് ബന്ധമുള്ളതല്ല. 23 വർഷക്കാലമായി വളരെ പ്രഗൽഭരും സത്യസന്ധരുമായ ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ മനസ്സിൽ ഓർത്തതുകൊണ്ടാണ് ഡെമോക്ലസിന്റെ വാളുപോലെ തൂങ്ങിക്കിടക്കുന്ന ഒരു കേസ്സാണെന്ന് പറഞ്ഞത്. കേരളത്തിന്റെ ചീഫ് സെക്രട്ടറിയായിരുന്ന.......... ഞാൻ ആരുടെയും പേരുകൾ പറയുന്നില്ല........ ഉൾപ്പെടെയുള്ള ആളുകൾക്ക് നേരിടേണ്ടിവന്ന പല ബുദ്ധിമുട്ടുകളും എന്റെ മനസ്സിലുണ്ടായിരുന്നതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ഈ കേസ്സിനെ സംബന്ധിച്ചിടത്തോളം ഇത് ഗവൺമെന്റ് എടുത്ത ഒരു തീരുമാനമാണ്, ക്യാബിനറ്റ് എടുത്ത തീരുമാനമാണ്. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യത്തെ മുൻനിർത്തിക്കൊണ്ട് കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പാമോലിൻ ഇറക്കുമതി ചെയ്യാനെടുത്ത ഒരു തീരുമാനമാണ്. ക്യാബിനറ്റ് തീരുമാനമാകുമ്പോൾ അത് അനുസരിക്കേണ്ട ഉത്തരവാദിത്വം ഉദ്യോഗസ്ഥൻമാർക്കുണ്ട്. അതാണ് സെൻട്രൽ വിജിലൻസ് കമ്മീഷൻ വ്യക്തമായിത്തന്നെ സൂചിപ്പിച്ചിട്ടുള്ളത്. അതിന്റെ അർത്ഥത്തിൽ കഴിഞ്ഞ 23 വർഷക്കാലമായി ഉദ്യോഗസ്ഥൻമാർ അടക്കമുള്ളവർ നേരിടേണ്ടി വന്നിട്ടുള്ള ബുദ്ധിമുട്ടുകളിലേയ്ക്ക് വിരൽചൂണ്ടിക്കൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. എ.ജി.-യുടെ റിപ്പോർട്ട് പരിശോധിച്ചാൽ സാമ്പത്തിക നഷ്ടം സംസ്ഥാന ഖജനാവിനുണ്ടായിട്ടില്ല എന്നുള്ളത് വളരെ വ്യക്തമായ കാര്യമാണ്. അതിൽ ചൂണ്ടിക്കാണിക്കുന്ന ഒരേയൊരു കാര്യമേ യുള്ളൂ. ഇപ്പോൾ ഇത്ര ലാഭം കിട്ടി, ഇത്രയുംകൂടി കിട്ടുമായിരുന്നു എന്നുള്ള

ഒരു അസംപ്ഷനാണ് അക്കൗണ്ടന്റ് ജനറൽ നടത്തിയിട്ടുള്ളത്. അതു കൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഗുഡ് ഫെയ്ത്തിൽ ഈ കേസ് പിൻവലിക്കാൻ 28-03-2005-ൽ തീരുമാനിച്ചത്. സംസ്ഥാന ഖജനാവിന് നഷ്ടമില്ലാത്ത അതേ സമയം ജനങ്ങൾക്ക് ആ സന്ദർഭത്തിൽ ആവശ്യമായിവന്ന ഒരു പൊതുതാൽപ്പര്യത്തെ മുൻനിർത്തി നടപ്പാക്കിയ ഒരു ഇടപാടിനെ സംബന്ധിച്ച് ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥൻമാരെ കുറ്റപ്പെടുത്താനോ മറ്റുള്ളവരുടെമേൽ പഴിചാരാനോ അവസരമുണ്ടാകരുതെന്ന് കണ്ടുകൊണ്ടാണ് ഗുഡ് ഫെയ്ത്തിൽ ഇത് പിൻവലിക്കാൻ തീരുമാനിച്ചത്. അതിനെയാണ് അടുത്തുവന്ന ഗവൺമെന്റ് വേണ്ടായെന്നുവച്ചത്. ഞാൻ സെൻട്രൽ വിജിലൻസ് കമ്മീഷന്റെ അഭിപ്രായം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. According as per the communication dated 25-07-2007, Central Vigilance Commission has advised the Government of Kerala that the case against them may be dropped. Besides as stated earlier the Government of India had informed this Government, as early as 29-03-2006 that the request for the withdrawal of the request for the prosecution has been noted and there is no further action is call from the Government of India. വളരെ ക്ലിയറായി ഈ കേസ് വിത്ത്ഡ്രോ ചെയ്യുന്ന കാര്യത്തിൽ സെൻട്രൽ വിജിലൻസ് കമ്മീഷൻ അടക്കമുള്ള സ്വതന്ത്ര ഏജൻസികൾ, വളരെ റെപ്യൂട്ടഡായ ഏജൻസികളുടെ അഭിപ്രായത്തെക്കൂടി പരിഗണിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇത് ചെയ്തിട്ടുള്ളത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയാണ് ഇന്നത്തെ മുഖ്യമന്ത്രി. ഒരു കാരണവശാലും ശ്രീ. ഉമ്മൻ ചാണ്ടിയെ ഈ കേസിൽ പ്രതി

യാക്കാൻ കഴിയുകയില്ലായെന്നുള്ള വസ്തുത വളരെ വ്യക്തമാണ്. ഇത് നിരവധി തവണ പരിശോധിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ശ്രീ. വി. എസ്. സുനിൽ കുമാർ, രാഷ്ട്രീയമായ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അതിനൊന്നും മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ്....... പ്ലീസ്..........

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ എന്റെ പേര് പരാമർശിച്ചതുകൊണ്ട് ഒരു വാക്ക് മാത്രം പറയുന്നു.

മി. സ്പീക്കർ: വകുപ്പുമന്ത്രി പറഞ്ഞ് തീർന്നില്ലല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹത്തിന്റെ അനുമതിയോടുകൂടിയാണ് എഴുന്നേറ്റത്. കോടതിയിലെ കേസ്സിനെക്കുറിച്ച്, ഹൈക്കോടതിയിലെ കേസ്സിനെക്കുറിച്ച് ഒരു ഫാക്സ് വരുമ്പോൾ ആ ഫാക്സിനകത്തെ റിപ്പോർട്ടിനകത്ത് വന്നുവെന്നാണ് പറയുന്നത്. ക്യാബിനറ്റ് ഡിസിഷൻ നോക്കണം. കോടതിയുടെ തീരുമാനത്തിന് വിധേയമായി വിത്ത്ഡ്രോ ചെയ്യാമെന്നാണ് ക്യാബിനറ്റ് ഡിസിഷൻ. അതോടുകൂടി എല്ലാം തീർന്നില്ലേ. വെറുതെ ആവശ്യമില്ലാതെ എന്റെ പേര് അതിനകത്ത് വലിച്ചിഴക്കേണ്ട കാര്യമില്ല. ............(ബഹളം)........... ഈ കേസ് വേറെ, ആ കേസ് വേറെ.

ശ്രീ. വി. എസ്. സുനിൽ കുമാർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി.............

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് പറയാനുള്ളത് പറയാൻ പറ്റില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഞാൻ ഒരു മിനിട്ടേ ചോദിക്കുന്നുള്ളൂ. വിജിലൻസ് കമ്മീഷൻ പറഞ്ഞ കാര്യം........ ഞാൻ അങ്ങയോട് ചോദിക്കുന്നത്, നിങ്ങൾ ഈ പറഞ്ഞ വാദഗതികളെല്ലാംതന്നെ കോടതിക്ക് മുമ്പാകെ രണ്ടുഘട്ടങ്ങളിലായി തൃശ്ശൂർ വിജിലൻസ് കോടതിയിൽ വാദഗതി യായി ഉന്നയിച്ച കാര്യങ്ങളാണ്. ഈ വാദഗതികളൊക്കെ പരിഗണിച്ചശേഷ മാണ് കാര്യകാരണസഹിതം കോടതി തള്ളിക്കളഞ്ഞത് എന്നുള്ളതുകൊണ്ട് അങ്ങ് പറയുന്നതിൽ യാഥാർത്ഥ്യമില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സുപ്രീം കോടതി ഈ കേസ് ഒരുഘട്ട ത്തിലും വിത്ത്ഡ്രാ ചെയ്യണമെന്ന് പറഞ്ഞിട്ടില്ലെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ ചൂണ്ടിക്കാണിച്ചു. Annex 3 of the withdrawal of petition dated 6-2-2006. The Supreme Court made it clear that the prosecutor would be at liberty to file application for withdrawal. വിത്ത്ഡ്രാ ചെയ്യാ മെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിത്ത്ഡ്രാവൽ ഫയൽ ചെയ്തത് നിയമാനുസൃതംതന്നെയാണ്. മാത്രമല്ല, ശ്രീ. അഗസ്റ്റിൻ ഹാജരായതിനെപ്പറ്റി ഇവിടെ പറഞ്ഞു. ശ്രീ. അഗ സ്റ്റിന് ഹാജരാകാനുള്ള എല്ലാ ലീഗൽ കോമ്പിറ്റൻസിയുമുണ്ട്. സിആർ.പി.സി. 321 പ്രകാരം, Public Prosecutor, in charge of the case is only competent to file the withdrawal petition. ശ്രീ. അഗസ്റ്റിനാണ് വിത്ത്ഡ്രാവൽ പെറ്റീ ഷൻ ഫയൽ ചെയ്തത്. ശ്രീ. അഗസ്റ്റിന് മറ്റ് കേസ്സുകളുടെ വിചാരണയിൽ ഹാജരാകേണ്ടിവന്ന സാഹചര്യത്തിലാണ് അദ്ദേഹം അഡീഷണലായി ലീഗൽ അഡ്വൈസർ ബിജു മനോഹറെ ചുമതലപ്പെടുത്തിയത്. ഏത് സന്ദർഭത്തിലും

ശ്രീ. അഗസ്റ്റിന് കോടതിയുടെ മുമ്പാകെ ഹാജരാകാൻ കഴിയുന്നതുതന്നെയാണ്. അതുകൊണ്ട് നിയമപരമായ നിലയിൽത്തന്നെയാണ് ഈ കേസ്സിൽ സർക്കാർ പ്രവർത്തിച്ചിട്ടുള്ളത്. തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഹൈക്കോടതിയിൽ അപ്പീൽ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലായെന്നാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആദ്യമായി അങ്ങയോട് നന്ദി പറയുന്നു. അങ്ങയുടെ മുൻഗാമികളിൽ പലരും ഇതുപോലെയുള്ള നോട്ടീസ് കിട്ടിയാൽ സാങ്കേതികത്വം പറഞ്ഞ് അനുവദിക്കാറില്ല. പക്ഷേ, കോടതിയുടെ സാങ്കേതികത്വമൊന്നും കണക്കിലെടുക്കാതെ ഇങ്ങനെയൊരു ചർച്ച അനുവദിച്ചതിന് അങ്ങയോട് നന്ദിയുണ്ട്. മുഖ്യമന്ത്രിയെ രക്ഷിക്കാനാണ് ഗവൺമെന്റ് ഇപ്പോൾ ശ്രമിക്കുന്നതെന്നാണ് ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞ് അവസാനിപ്പിച്ചത്. ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ, ഈ കേസ്സിൽ ആരെങ്കിലും എന്നെ രക്ഷിച്ചിട്ടുണ്ടെങ്കിൽ അത് ആ ഭാഗത്ത് ഇരിക്കുന്നവരാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം ഇതു സംബന്ധിച്ച് ആദ്യ ചർച്ച ഈ സഭയിൽ വരുന്നത് 1991–1996 കാലഘട്ടത്തിൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുന്ന അവസരത്തിലാണ്. അന്ന് പ്രതിപക്ഷത്തു നിന്നു വന്ന ആരോപണങ്ങൾക്ക് മറുപടി പറഞ്ഞത് ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാനായിരുന്നു. പാമൊലിൻ ഇടപാടിൽ എ.ജി. യുടെ കണ്ടെത്തലൊന്നും അന്ന് പൂർണ്ണമായി എത്തിയിട്ടില്ല. അതിനെ പൂർണ്ണമായും ന്യായീകരിച്ചുകൊണ്ട് ധനകാര്യ മന്ത്രി എന്ന നിലയിൽ ഞാനാണ് സംസാരിച്ചത്. നിങ്ങൾ ഇത് ന്യായീകരിക്കുന്നത് നിങ്ങൾക്കുകൂടി ഇതിന

കത്ത് പങ്കുള്ളതുകൊണ്ടാണെന്ന് അന്ന് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ഒരാളും പറഞ്ഞില്ല. എന്റെ വാദഗതികളെ എതിർത്തുകൊണ്ട് സംസാരിച്ചിട്ടുണ്ട്, ഇല്ലെന്നു പറയുന്നില്ല. പക്ഷേ അന്നേരവും ഒരാളും നിങ്ങളിത് ന്യായീകരിക്കുന്നത് ഇന്ന സാഹചര്യത്തിലാണെന്ന് പറഞ്ഞിട്ടില്ല. പിന്നീട് വന്ന ഇ.കെ. നായനാർ മുഖ്യമന്ത്രിയായ ഗവൺമെന്റ് ഈ കേസ് അന്വേഷിക്കാൻ അഞ്ചു കൊല്ലമെടുത്തു. അഞ്ചുകൊല്ലം അന്വേഷിച്ചിട്ടും എന്നെ പ്രതിയാക്കിയല്ല സാക്ഷിയാക്കിയാണ് കൊടുത്തത്. അപ്പോൾ എന്നെ രക്ഷിച്ചിട്ടുണ്ടെങ്കിൽ നായനാർ ഗവൺമെന്റല്ലേ രക്ഷിച്ചത്. എന്നെ ചോദ്യം ചെയ്തു, എന്റെ മൊഴിയെടുത്തു. എന്നെ വിളിച്ചപ്പോൾ ഞാൻ വിജിലൻസ് ഓഫീസിൽ പോയി മൊഴി കൊടുക്കുകയായിരുന്നു. എം.എൽ.എ.ക്വാർട്ടേഴ്സിൽ വരാമെന്നു പറഞ്ഞു, ക്വാർട്ടേഴ്സിലേയ്ക്ക് വരേണ്ടതില്ല, അങ്ങോട്ടുവരാമെന്നു പറഞ്ഞ് അവിടെ പോയി ഞാൻ മൊഴി കൊടുത്തു. രണ്ടുവട്ടം മൊഴിയെടുത്തു, എന്നിട്ട് എന്നെ സാക്ഷിയാക്കുകയാണ് ചെയ്തത്. ആരാണ് സഹായിച്ചത്? ഈ കേസ്സിന്റെ തുടക്കം മുതൽ ഞാനെടുത്ത ഒരു നിലപാട്, അതിനു കാരണം ധനകാര്യമന്ത്രിയായിരുന്നതുകൊണ്ട്. ഇതിന്റെ എ റ്റു ഇസഡ് എനിക്കറിയാം. അതുകൊണ്ടുതന്നെ ഞാനെടുത്ത ഒരു നിലപാടുണ്ട്. ഇതിനകത്ത് 8 കോടിയിലധികം രൂപ സംസ്ഥാനത്തിന് ലാഭം കിട്ടിയതാണ്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ 2 കോടി 42 ലക്ഷം രൂപ കൂടുതൽ കിട്ടുമായിരുന്നു എന്നതാണ് എ.ജി.യുടെ കണ്ടെത്തൽ. നഷ്ടമല്ല 8 കോടി രൂപയുടെ ലാഭമാണ് വന്നിരിക്കുന്നത്. അങ്ങനെ തീരുമാനമെടുത്തിരുന്നുവെങ്കിൽ 2 കോടി 42 ലക്ഷം രൂപ കൂടുതൽ കിട്ടുമായിരുന്നു. പക്ഷേ, ധനകാര്യ മന്ത്രി എന്ന നിലയിൽ എനിക്കറിയാം, അങ്ങനെ തീരുമാനമെടുത്തിരുന്നെങ്കിൽ ഈ

കോൺട്രാക്ട് നമുക്ക് കിട്ടുമായിരുന്നില്ല. കാരണം ഇൻഡ്യയിൽ അഞ്ചു സംസ്ഥാനങ്ങൾക്കാണ് അനുമതി കിട്ടുന്നത്. ക്യാബിനറ്റിൽ ചർച്ചയ്ക്ക് വരുന്ന അവസരത്തിൽ നാലു സ്റ്റേറ്റുകൾ അനുവദിച്ചുകഴിഞ്ഞു. പിന്നെയുള്ളത് ഒരേയൊരു സ്റ്റേറ്റാണ്. അപ്പോൾ അതിനുവേണ്ടി തീരുമാനങ്ങളെടുത്തതിന്റെ സാഹചര്യങ്ങളും കാര്യങ്ങളും നേരിട്ടറിയാവുന്ന വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെയാണ് നിയമസഭയിൽ ഈ വിഷയം വന്നപ്പോൾ അതിനെ പൂർണ്ണമായും ന്യായീകരിക്കുന്നതിന്, ഗവൺമെന്റിനുവേണ്ടി മറുപടി പറയുന്ന ഉത്തരവാദിത്തം ഞാൻ ഏറ്റെടുത്തത്. ഇതു കഴിഞ്ഞ് ഞാൻ മുഖ്യമന്ത്രിയായി വന്നപ്പോൾ കേസ് പിൻവലിക്കാൻ തീരുമാനിച്ചു. എന്റെ മന:സാക്ഷിക്കനുസരിച്ച് ശരിയെന്ന് തോന്നുന്ന കാര്യം, അതിനുവേണ്ടി അന്നുമിന്നും പ്രവർത്തിച്ചിട്ടുണ്ട്. ഇനിയും പ്രവർത്തിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. വി.എസ്. സുനിൽ കുമാർ, എന്നെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് ചെയ്യുന്നു എന്നു പറഞ്ഞ അങ്ങയോട് ഞാനൊരു ചോദ്യം ചോദിക്കുകയാണ്. ഈ കേസ് പിൻവലിക്കാൻ ഞാൻ തീരുമാനമെടുത്തു. പിന്നീട് വന്ന ഗവൺമെന്റ് അതിനെ എതിർത്ത് കോടതിയിൽ പോയി. ഗവൺമെന്റ് നിലപാട് മാറ്റിയതുകൊണ്ട് കോടതി പിൻവലിക്കാനുള്ള അനുമതി തന്നില്ല. അന്നേരവും സാക്ഷിസ്ഥാനത്തുനിന്നും എന്നെ പ്രതിയാക്കണമെന്ന ഒരു ചിന്ത നിങ്ങൾക്ക് ഉണ്ടായില്ലല്ലോ. അതെന്തുകൊണ്ടാണ്? അപ്പോൾ എന്നെ രക്ഷിക്കാൻ ഇന്നത്തെ ഗവൺമെന്റാണോ ശ്രമിച്ചത്. എന്നെ രക്ഷിക്കാൻ ഈ കേസ്സിൽ എന്തെങ്കിലും ശ്രമം നടന്നിട്ടുണ്ടെങ്കിൽ മൂന്ന് അവസരങ്ങളിലും അത് നിങ്ങളാണ്. 1991–96 കാലഘട്ടത്തിൽ പ്രതിപക്ഷമായിരുന്ന എൽ.ഡി.എഫ്., 1996–2001 കാലഘട്ടത്തിൽ അധികാരത്തിലി

രുന്ന നായനാർ ഗവൺമെന്റ് എന്നെ പ്രതിയാക്കാതെ സാക്ഷിയാക്കി. പിന്നെ ഞാൻ കേസ് പിൻവലിച്ചു, ഇപ്പോഴത്തെ നിലയിലാണെങ്കിൽ ഞാൻ നിങ്ങളെയൊന്ന് പ്രൊവോക്ക് ചെയ്തല്ലോ. ഇത്രയും വലിയ അഴിമതിക്കേസ് പിൻവലിക്കുന്നതിന് തന്റേടം കാണിച്ചല്ലോ. അപ്പോഴെങ്കിലും ഇന്ന് പറയുന്ന കാര്യത്തിൽ എന്തെങ്കിലും ഒരു വിശ്വാസമുണ്ടായിരുന്നുവെങ്കിൽ, കേസ് പിൻവലിക്കാനുള്ള തീരുമാനം സുപ്രീം കോടതി തള്ളിയപ്പോൾ നിങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം കിട്ടിയതല്ലേ, കേസ്സുമായി മുന്നോട്ടുപോകാൻ. നിങ്ങൾ എന്നെ പ്രതി ചേർത്തോ? ചേർത്തില്ല, അപ്പോൾ എന്നെ സഹായിച്ചിട്ടു ണ്ടെങ്കിൽ ഈ മൂന്ന് അവസരത്തിലും സഹായിച്ചിട്ടുള്ളത് എൽ.ഡി.എഫ്. ആണെന്ന് പറയുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത് അങ്ങയെ പ്രതിയാക്കുന്നതിന് ഗൂഢാലോചനയിലോ അത ല്ലെങ്കിൽ വെട്ടിലാക്കുന്നതിന് ഗൂഢപ്രവർത്തനങ്ങളിലോ ഞങ്ങൾ ഏർപ്പെട്ടി ട്ടില്ല എന്നുള്ളതാണ്. പക്ഷേ, അങ്ങനെയുള്ള ഞങ്ങളുടെ മുമ്പിൽ ശ്രീ. ടി. എച്ച്. മുസ്തഫ ചില കാര്യങ്ങൾ പറഞ്ഞപ്പോൾ ഞങ്ങൾ അത് പരിശോധിച്ചു, ആ പരിശോധനയുടെ അടിസ്ഥാനത്തിൽ പുതിയ നിലപാടിലെത്തുന്നു. അതു കൊണ്ട് ഞങ്ങൾക്ക് ഇക്കാര്യത്തിൽ മുൻവിധിയില്ല. കണ്ട കാര്യത്തിൽ നിലപാടെടുക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഡോ. തോമസ് ഐസക്, എന്നെക്കൊണ്ട് ബാക്കി കൂടി പറയിപ്പിക്കരുത്. അന്ന് നിങ്ങളുടെ ടാർജറ്റ് കെ. കരുണാകരനായിരുന്നു. കരുണാകരനെ പ്രതിയാക്കാൻ വേണ്ടിയാണ് അന്ന് നിങ്ങൾ എല്ലാ ശ്രമ ങ്ങളും നടത്തിയത്. .....(ബഹളം).... ഇത്രയും പറഞ്ഞ സ്ഥിതിക്ക് ബാക്കികൂടി ഞാൻ പറയുകയാണ്. എന്നെ പ്രതിയാക്കണോ വേണ്ടയോ എന്ന് നിങ്ങളുടെ

പാർട്ടിയിൽവരെ ചർച്ച വന്നു. അന്ന് എന്നെ പ്രതിയാക്കുന്നതിനെ എതിർത്തത് ആരാണെന്ന് എനിക്കറിയാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: .......

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽകുമാർ ഇരിക്കൂ. അങ്ങ് പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞല്ലോ. സി.എം. മറുപടി പറയുകയാണ്. നോ, അത് ശരിയല്ല. പ്ലീസ്......

ശ്രീ. ഉമ്മൻ ചാണ്ടി: അത് എന്നെ സഹായിക്കാൻ വേണ്ടിയല്ല. അന്നത്തെ നിങ്ങളുടെ മുഴുവൻ ടാർജറ്റും കെ. കരുണാകരനായിരുന്നു. അതുകൊണ്ട് അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നിങ്ങൾ നടത്തിയത്. പ്രിയപ്പെട്ട സുനിൽകുമാർ, ഞാൻ ഒന്ന് ചോദിക്കട്ടെ, ... ഞാൻ എഴുന്നേറ്റില്ലല്ലോ. വഴങ്ങുന്നത് എന്റെ അവകാശമാണ്. ഡോ. തോമസ് ഐസക് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞല്ലോ. ഇന്നലെ 400 കോടി രൂപയുടെ അഴിമതി, തട്ടിപ്പ് നടന്ന കാര്യം ഇവിടെ ഉന്നയിച്ചു. നിങ്ങളുടെ കാലത്ത് അത് അഴിമതിയല്ല, തട്ടിപ്പല്ല, അത് വെറും സിവിൽ കേസാണ്. മൂന്ന് അവസരങ്ങൾ കിട്ടിയപ്പോഴും വെറുതെ വിട്ട എന്നെ പ്രതിയാക്കാൻ വേണ്ടി നടത്തുന്ന ശ്രമങ്ങളാണ് ഇന്ന് നടത്തുന്നത്. അധികാരത്തിലിരിക്കുമ്പോൾ നിങ്ങൾ ഉറങ്ങുകയായിരുന്നോ? എന്നിട്ട് ഇന്ന് രാഷ്ട്രീയമായ വാദവും കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഇതിനകത്ത് അഴിമതി നടന്നിട്ടുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ ഈ അഴിമതിക്കേസിലെ പ്രതിയായ ശ്രീ. പി.ജെ. തോമസിനെ എന്തിനാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചീഫ് സെക്രട്ടറിയാക്കിയത്. ഞാൻ ചോദിക്കുകയാണ്, ചീഫ് സെക്രട്ടറിയെ ഒരു ഗവൺമെന്റിന്റെ ചോയ്സിനനുസരിച്ച് നിയോഗിക്കാം, സീനിയോറിറ്റി അനുസരിച്ച് വേണമെ

ന്നില്ല. ശ്രീ. പി. ജെ. തോമസ് സർവ്വീസിലെ ഏറ്റവും സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനാണെന്ന് എനിക്കറിയാം. അദ്ദേഹത്തെ നിങ്ങൾതന്നെ ചീഫ് സെക്രട്ടറിയാക്കി. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ കൂടെ രണ്ടരക്കൊല്ലകാലം അദ്ദേഹം ചീഫ് സെക്രട്ടറിയായി പ്രവർത്തിച്ചു. അദ്ദേഹം അഴിമതി നടത്തി എന്ന് വിശ്വസിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തെ ശ്രീ. വി.എസ്. അച്ചുതാനന്ദൻ ചീഫ് സെക്രട്ടറിയായി നിയമിക്കുമെന്ന് ഒരിക്കലും തോന്നുന്നില്ല. നിങ്ങൾക്കു പോലും വിശ്വാസമില്ലാത്ത ഒരു കാര്യത്തിന്റെ പേരിൽ 20—25 കൊല്ല കാലമായി ഉദ്യോഗസ്ഥൻമാരെ ക്രൂശിക്കുകയാണ്. ഞാൻ എന്റെ മന:സാക്ഷി ക്കനുസരിച്ച് പ്രവർത്തിക്കും. ഈ കാര്യത്തിൽ തുടർന്നും എന്റെ നിലപാട് അതുതന്നെയായിരിക്കും. അതിനുവേണ്ടി എന്തു സഹിക്കേണ്ടിവന്നാലും സഹിക്കാൻ ഞാൻ തയ്യാറാകും. മറ്റെന്തിനേക്കാളും വലുത് മന:സാക്ഷിക്കനു സരിച്ച് പ്രവർത്തിക്കുക എന്നുള്ളതാണ്. അത് ഞാൻ ചെയ്തിരിക്കും, ഇനിയും ചെയ്യുമെന്ന് വ്യക്തമാക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u> : ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാന ത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : സർ, ഖജനാ വിന് ഒരു നഷ്ടവുമുണ്ടായിട്ടില്ല എന്നുമാത്രമല്ല ആറു കോടി രൂപ ലാഭം കിട്ടി യെന്നുമാണ് എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞുവച്ചിരിക്കുന്ന ത്. 1992 മാർച്ച് - 9-ന് ഇതുപോലെയുള്ള ഒരു ബഡ്ജറ്റ് സമ്മേളനത്തിലാണ് പാമൊലിൻ അഴിമതി ആദ്യമായി ഞാൻ ഉന്നയിച്ചത്. ഇൻഡ്യയുടെ ചരിത്ര ത്തിൽ ആദ്യമായാണ് സി&എ.ജി. ഒരു മുഖ്യമന്ത്രി അഴിമതിക്കാരനാണെന്ന്

റിപ്പോർട്ട് ചെയ്യുന്നത്. രണ്ടു കോടി മുപ്പത്തിനാല് ലക്ഷം രൂപ ഖജനാവിന് നഷ്ടമായി എന്നാണ് സി & എ.ജി.യുടെ റിപ്പോർട്ട്. അത് രണ്ടു പ്രാവശ്യം അധികാരത്തിലിരുന്ന ഘട്ടത്തിൽ, കെ. കരുണാകരനെ കുഴപ്പത്തിലാക്കാൻവേണ്ടി ഇന്നത്തെ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ നടത്തിയ പരിശ്രമം, കോൺഗ്രസ്സ് നേതാവായ മി. ഹസ്സൻ, അദ്ദേഹത്തിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അന്നത്തെ യു.ഡി.എഫ്.-ന് ഭൂരിപക്ഷം ഉണ്ടായിരുന്ന ശ്രീ. എം.എം. ഹസ്സന്റെ നേതൃത്വത്തിലുള്ള നിയമസഭാ കമ്മിറ്റി അല്ലേ പാമൊലിന്റെ അഴിമതി കേസ്സിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയത്. കൊള്ളലാഭം ഉണ്ടാക്കാൻ ജനങ്ങളെ കൊള്ളയടിക്കുകയാണ് ചെയ്തെന്നാണ് ശ്രീ. ഹസ്സന്റെ കമ്മിറ്റി പറഞ്ഞത്. അന്ന് കരുണാകരനോടുള്ള ഗ്രൂപ്പ് വൈരംമൂലം ഈ കേസ്സിന്റെ രേഖകൾ പുറത്തുകൊണ്ടുവന്ന് ഇന്നത്തെ മുഖ്യമന്ത്രിയായിരുന്ന താങ്കളല്ലേ? 2000 -ൽ സുപ്രീം കോടതിയിൽ ജസ്റ്റിസ് പട്നായിക് കേസ്സിൽ കഴമ്പുണ്ടെന്നും സാങ്കേതികത്വത്തിന്റെ പരവതാനിക്കടിയിലേക്ക് ഇത്തരം കേസ്സുകൾ ഒളിപ്പിക്കാൻ സമ്മതിക്കുകയില്ലായെന്നും നിരീക്ഷിച്ചത് താങ്കൾ ഓർക്കുന്നില്ലേ? എന്നിട്ടല്ലേ 2005-ൽ കേസ് പിൻവലിക്കാൻ താങ്കൾ ഉത്തരവിട്ടത്. 2006-ൽ ഞാൻ അധികാരത്തിൽ വന്നപ്പോൾ കേസ് പിൻവലിക്കാനുള്ള നിങ്ങളുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ നിങ്ങൾ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയില്ലേ? രണ്ടു ഉന്നത കോടതികളും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഉത്തരവുകൾ ശരിവയ്ക്കുകയാണ് ചെയ്തത്. കേസ്സിന്റെ തുടർ അന്വേഷണ റിപ്പോർട്ട് പരിഗണിച്ച തിരുവനന്തപുരം വിജിലൻസ് ജഡ്ജി ശ്രീ. പി. കെ. ഹനീഫ അന്ന് ധനകാര്യ മന്ത്രിയായിരുന്ന മി. ഉമ്മൻ ചാണ്ടിയെ

പ്രതിയാക്കണമെന്ന് വിധി പ്രസ്താവിച്ചതല്ലേ? സത്യസന്ധനായ ആ ജഡ്ജിയെ പാകിസ്ഥാൻകാരനാണെന്ന് നിങ്ങളുടെ കൂടെയുള്ളവർ ആക്ഷേപിച്ചില്ലേ? ഇതിൽ മനം നൊന്തല്ലേ ആ ജഡ്ജി മാറിപോയത്. പിന്നെയും നിങ്ങൾ കേസ് ഇല്ലാതാക്കാൻ കള്ളത്തരങ്ങൾ കാട്ടുകയല്ലേ ചെയ്തത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പാർട്ടിക്കാരനും അന്നത്തെ ഭക്ഷ്യ മന്ത്രിയുമായിരുന്ന ശ്രീ. ടി. എച്ച്. മുസ്തഫ എന്താണ് പറഞ്ഞത്? ശ്രീ. മുസ്തഫ പ്രതിയാണെങ്കിൽ അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയും പ്രതിയാണെന്നല്ലേ? മി. ഉമ്മൻ ചാണ്ടി, നിങ്ങളുടെ നിർദ്ദേശം അനുസരിച്ചല്ലേ പാമൊലിൻ ഇറക്കുമതി ഫയൽ അന്ന് ഔട്ട് ഓഫ് അജണ്ടയിൽ ക്യാബിനറ്റിൽ വച്ചത്. രാജ്യത്തെ നീതി പീഠങ്ങളെല്ലാം ഏകകണ്ഠമായി കഴമ്പുണ്ടന്ന് പറഞ്ഞ അഴിമതി കേസല്ലേ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിയാകുമെന്ന് വന്നപ്പോൾ ഒരു ഉളുപ്പുമില്ലാതെ പിൻവലിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ കേസ് പിൻവലിക്കാനുള്ള നിങ്ങളുടെ ഉത്തരവ് തൃശ്ശൂർ വിജിലൻസ് കോടതി പുല്ലുപോലെ തള്ളിക്കളയുകയല്ലേ ചെയ്തത്. കേസ് പിൻവലിക്കുന്നതിനെതിരെ ഞാൻ സമർപ്പിച്ച ഹർജിയിൽ പറഞ്ഞ കാര്യങ്ങൾതന്നെ ചൂണ്ടിക്കാട്ടിയാണ് കോടതി തള്ളിയത്. നാണമുണ്ടോ നമ്മുടെ മുഖ്യമന്ത്രിക്ക്; ചമ്പൽ കാട്ടിലെ കൊള്ളക്കാരെ നാണിപ്പിക്കുന്ന പണിയല്ലേ ഈ മുഖ്യമന്ത്രി ചെയ്തിരിക്കുന്നത്. സി& എ. ജിയും നിയമസഭാ കമ്മിറ്റിയും ജുഡീഷ്യറിയുമൊക്കെ അഴിമതി ഉണ്ടെന്ന് കണ്ടെത്തിയ പാമൊലിൻ കേസും അതിൽ നിന്ന് രക്ഷപ്പെടാൻ നിങ്ങൾ നടത്തിയ കള്ളക്കളികളും സംബന്ധിച്ച് എന്തുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്തുകൂടാ. അങ്ങനെ ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത നിങ്ങളുടെ ധാർഷ്ട്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ : സർ, ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് ആഭ്യന്തരമന്ത്രി നടത്തിയ പ്രസ്താവന, 23 വർഷമായി ഈ കേസ് നിലനിൽക്കുന്നതാണ്. അനിശ്ചിതത്വം തുടരുന്ന ഈ വാൾ ആരുടെ കഴുത്തിലാണ് പതിക്കാൻ പോകുന്നതെന്ന് ആഭ്യന്തരമന്ത്രിക്ക് നിശ്ചയമില്ല. അതുകൊണ്ടാണ് അദ്ദേഹമൊരു നാടൻ പ്രയോഗം നടത്തിയത്. ഡെമോക്ലീസിന്റെ ഖഡ്ഗം പോലെ തൂങ്ങി നിൽക്കുകയാണ് എന്ന്. ഏതായാലും ഞങ്ങളുടെ കഴുത്തിൽ വീഴുകയില്ല എന്ന് മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറഞ്ഞു, അദ്ദേഹത്തെ രക്ഷിച്ചത് ഞങ്ങളാണെന്നാണ്. ഇടതുപക്ഷകാരാണ് അദ്ദേഹത്തെ രക്ഷിച്ചത് പിന്നെ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അങ്ങ് പറഞ്ഞ ഖഡ്ഗം ആരുടെ കഴുത്തിലാണ് വീഴാൻ പോകുന്നതെന്ന് അറിയാമോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി സീറ്റിൽ പോകണം. അദ്ദേഹം പറയണമെങ്കിൽ അങ്ങ് സീറ്റിൽ പോകണം.

ശ്രീ. സി. ദിവാകരൻ : അങ്ങ് പറഞ്ഞ ഖഡ്ഗത്തെക്കുറിച്ച് നിയമസഭയിൽ വ്യക്തമാക്കണം. അങ്ങ് പറഞ്ഞു ഈ പാമൊലിൻ കേസ് ഡെമോക്ലീസിന്റെ ഖഡ്ഗം പോലെ തൂങ്ങിനിൽക്കുകയാണ് എന്ന്. മുഖ്യമന്ത്രി പറഞ്ഞത് അതെന്റെ കഴുത്തിൽ വീഴുകയില്ലെന്നാണ്. കാരണം എന്നെ പ്രതിയാക്കാനുള്ള അവസരം കിട്ടിയപ്പോഴും എൽ.ഡി.എഫ്. കാർ എന്നെ പ്രതിയാക്കിയില്ല എന്നാണ്. അപ്പോൾ താങ്കളുടെ ഉദ്ദേശം എന്താണെന്നുള്ളതി

നെക്കുറിച്ച് ഞാൻ കൂടുതലായി പറയുന്നില്ല. 23 വർഷമല്ല എത്ര വർഷമായാലും നിങ്ങൾ ഏത് കോടതിയെ സമീപിച്ചാലും നിങ്ങളുടെ അധികാരമെല്ലാം ഉപയോഗിച്ചാലും ഒരു ദിവസം ഈ സത്യം പുറത്തുവരും. 17 കൊല്ലത്തിനുശേഷമാണ് ഇൻഡ്യയിലെ ഏറ്റവും വലിയ ശക്തനായ മുഖ്യമന്ത്രി തീഹാർ ജയിലിലേക്ക് പോയത്. ഇതിനെക്കുറിച്ച് ഓർമ്മവേണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. അതുകൊണ്ട് കുറെ വർഷങ്ങൾ കഴിഞ്ഞുപോയി ഔട്ട്ഡേറ്റഡ് ആയി പോയി എന്നു പറയുന്നത് നീതിന്യായ വകുപ്പിലുള്ളതല്ല. അങ്ങ് പറഞ്ഞത് ഏറ്റവും സത്യസന്ധനായ ശ്രീ. പി.ജെ. തോമസ്സിനെ ഞങ്ങൾ ചീഫ് സെക്രട്ടറിയായി വച്ചു എന്നാണ്. ഞാൻ അങ്ങയോട് ചോദിക്കുന്നത് അങ്ങ് അങ്ങനെ വിശ്വസിക്കുന്നുണ്ടെങ്കിൽ സെൻട്രൽ വിജിലൻസ് കമ്മീഷണറാക്കാനുള്ള നിർദ്ദേശം പാടില്ല എന്ന് നിങ്ങൾ എന്തുകൊണ്ട് തീരുമാനിച്ചു. ശ്രീ. പി.ജെ. തോമസിന് വന്ന ഒരു സന്ദർഭം നിഷേധിച്ചത് കേന്ദ്ര ഗവൺമെന്റാണ്. ഒരു കേസ്സിൽ ഇൻവോൾവ്മെന്റ് ഉള്ളതുകൊണ്ട് ആ പോസ്റ്റിൽ നിയമിക്കാൻ പാടില്ല എന്നാണ് പറഞ്ഞത്. അപ്പോൾ അദ്ദേഹത്തെ ഇപ്പോഴും എക്സോണറേറ്റ് ചെയ്തിട്ടില്ല. കേസ് ഇപ്പോഴും നിലവിലുണ്ട്. സുപ്രീംകോടതിയിൽ ഇപ്പോഴും ഈ കേസ് നിലവിലുണ്ട്.

ശ്രീ. കെ. ശിവദാസൻ നായർ : ഏത് കേസ്സിനെക്കുറിച്ചാണ് പറയുന്നത്?

ശ്രീ. സി. ദിവാകരൻ : പാമൊലിൻ കേസ്സിനെക്കുറിച്ചുതന്നെയാണ് പറയുന്നത്. ഈ കേസ്സ് സുപ്രീം കോടതിയിൽ ഇപ്പോഴുമുണ്ടെന്ന് ഞാൻ ശിവദാസൻനായരോട് സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ : നിങ്ങളാണ് ഈ കേസ്സിനെ ഈ പരുവത്തിലാക്കിയത്.

ശ്രീ. സി. ദിവാകരൻ : നിങ്ങളാണ് ഈ കേസ്സിനെ ഈ പരുവത്തിലാക്കിയത്.

പാമൊലിൻ കേസ് സുപ്രീം കോടതിയിലും ഉണ്ടല്ലോ. ഇത്രയും വലിയ രോഷം എന്തിനാണ്; ഞങ്ങൾ എന്തോ ചെയ്തു എന്നുള്ളതുപോലെയാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് പൊട്ടിത്തെറിച്ചത്. ഞങ്ങൾ അങ്ങയെ ഒന്നും ചെയ്തില്ലല്ലോ. ഞങ്ങൾ ഈ രാജ്യത്തെ കോടതിയിലുള്ള ചില പ്രശ്നങ്ങൾ അനിശ്ചിതമായി പോകുന്നത്, കഴിഞ്ഞ കാലത്തുനടന്ന ചില അഴിമതികൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതും പലപ്പോഴും കോടതി പലതരത്തിലുള്ള നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതുമായ കാര്യങ്ങളല്ലേ ഞങ്ങൾ അടിയന്തരപ്രമേയത്തിൽ കൊണ്ടുവന്നത്. അതിന് ഞങ്ങളോട് ഇത്രയും വലിയ രോഷപ്രകടനം നടത്തേണ്ട കാര്യം വല്ലതുമുണ്ടോ; ഒന്നും ചെയ്യാൻ പാടില്ല. ഈ പാമൊലിൻ കേസ് പിൻവലിക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്ന ശക്തി എന്താണ്; കേസ് പിൻവലിക്കണമെന്നാവശ്യപ്പെടാനുള്ള കാരണമെന്താണ്; എന്തുകൊണ്ട് കേസ് തുടർന്നുകൂടാ; ഉപ്പു തിന്നവൻ വെള്ളം കുടിക്കട്ടെ എന്നല്ലേ കെ.പി.സി.സി. പ്രസിഡന്റായിരുന്നപ്പോൾ അങ്ങ് പറഞ്ഞത്. ഈ കേസ്സിൽ അങ്ങനെ നിലപാടെടുക്കുവാൻ അങ്ങേയ്ക്ക് കഴിയുമോ; ഉപ്പു തിന്നവൻ വെള്ളം കുടിക്കട്ടെ, ഞങ്ങൾ സ്വാഗതം ചെയ്യാം തന്നെയുമല്ല അങ്ങ് ഒരു കാര്യത്തിന് മറുപടി പറഞ്ഞില്ല. ബന്ധപ്പെട്ട ഫയലിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ എഴുതിയിട്ട ഒരു നോട്ടാണ് ശ്രീ. വി.എസ്. സുനിൽ കുമാർ ഇവിടെ ഉന്നയിച്ചത്. അങ്ങനെ ഒരു നോട്ടുണ്ടോ; എന്ത് മറുപടിയാണ് .........

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ് പ്ലീസ്......... കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: അടിയന്തര പ്രമേയത്തിന്റെ ഒരുപാട് സമയം കഴിഞ്ഞതാണ്. ഞാൻ ഇപ്പോൾ സംസാരിക്കാൻ തുടങ്ങിയതേയുള്ളൂ. ആ ഫയലിൽ അങ്ങനെ എഴുതിയിട്ടുണ്ടോ എന്നുള്ളതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി പറഞ്ഞില്ല. അത് സത്യമാണോ; അതോ ശ്രീ. വി.എസ്. സുനിൽ കുമാർ സഭയെ തെറ്റിദ്ധരിപ്പിച്ചതാണോ; അങ്ങനെയാണെങ്കിൽ നിങ്ങളുടെ വാദഗതികളെല്ലാം തെറ്റാണ്. നിങ്ങൾ അങ്ങനെ എഴുതിയിട്ടുണ്ടെങ്കിൽ ശ്രീ. എം.എം. ഹസ്സന്റെ റിപ്പോർട്ട് അംഗീകരിക്കില്ല, തൃശ്ശൂർ ജില്ലാ വിജിലൻസ് കോടതിയുടെ ഉത്തരവ് അംഗീകരിക്കില്ല, നിങ്ങൾ ഒരു കോടതിയേയും അംഗീകരിക്കില്ല. നിങ്ങൾ പറയുന്നത് ഒരു കേസ്സും വേണ്ട എല്ലാം പിൻവലിക്കണം എന്നാണ്. അങ്ങനെ ഒരു നിലപാടെടുക്കുന്നത് എന്തിനാണ്; നിരപരാധിയാണെങ്കിൽ നിങ്ങൾക്ക് കാത്തിരിക്കാം. ഏത് കോടതിയിൽ പോകാനും ഏത് നിയമത്തിന്റെ മുമ്പിൽ പോകാനും ഞാൻ തയ്യാറാണ് എന്ന് പറയാമോ; ഈ കേസ് പിൻവലിക്കണമെന്ന നിങ്ങളുടെ ദുർവാശി രാഷ്ട്രീയ രംഗത്ത് പാടില്ലാത്ത ഒരു കാര്യമാണ്. ജനങ്ങൾക്ക് അതാണ് സംശയം. അതുപോലെ നഷ്ടം സംഭവിച്ചില്ല, അതേ സമയം കുറേക്കൂടി ലാഭമുണ്ടാകുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു,– എന്താണ് ഇതിന്റെ മലയാളം; ഇതിൽ പറഞ്ഞിട്ടുണ്ട് രണ്ട് രണ്ടേകാൽ കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന്. പാമൊലിൻ കേസ് കേരളത്തിന്റെ രാഷ്ട്രീയ രംഗത്തെ പിടിച്ചുകുലുക്കിയതാണ്. പാവം മുൻമുഖ്യമന്ത്രി കെ. കരുണാകരൻ – നിങ്ങൾ എന്തൊക്കെ പറഞ്ഞാലും അദ്ദേഹത്തിന്റെ ദേഹത്തുള്ള ഏറ്റവും വലിയ കറുത്ത പാട് നിങ്ങൾ കൊടുത്തതാണ്. ഞങ്ങളല്ല. വെറുതെ പറയുകയാണ്., കെ. കരുണാകരനെ

സ്ഥാനഭ്രഷ്ടനാക്കിയാൽ, അദ്ദേഹത്തിന് എന്തെങ്കിലും കുഴപ്പം സംഭവിച്ചാൽ ഞങ്ങൾക്ക് എന്ത് ലാഭമാണുള്ളത്; ഒരു ലാഭവുമില്ല. നിങ്ങൾ ഈ കേസ്സിൽ രക്ഷപ്പെടാൻ പോകുന്നില്ല. നിങ്ങൾ ഈ കേസ് നേരിടാൻ തയ്യാറാണെങ്കിൽ ..................

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, 7 മിനിറ്റ് കഴിഞ്ഞു. യെസ്........... പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: തീർച്ചയായിട്ടും നിയമത്തിന്റെ മുമ്പിൽ ആരാണ് കുറ്റവാളി എന്ന് തെളിയും. അതിന് നിങ്ങൾ തയ്യാറാകണം. ഒന്നും ഒളിച്ചുവയ്ക്കാനില്ലെങ്കിൽ എന്തുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്തില്ല. ചർച്ച ചെയ്യാൻ നിങ്ങൾ അനുവദിക്കുന്നില്ല, നിങ്ങൾ ഏതെങ്കിലും ഒരു അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അനുവദിച്ചോ; വിലക്കയറ്റമടക്കം.......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ദിവാകരൻ, 8 മിനിറ്റായി. ഇതിൽ കൂടുതൽ ഇനിയും വേണോ?

ശ്രീ. സി. ദിവാകരൻ: വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. അങ്ങേക്കുംകൂടി ബാധകമാകുന്ന വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വാക്കൗട്ടിനെ തുടർന്നുള്ള പ്രസംഗമാണ്. 8 മിനിറ്റ് കഴിഞ്ഞു. ഇനിയും സംസാരിക്കണമെന്നാണോ അങ്ങ് ആവശ്യപ്പെടുന്നത്.

ശ്രീ. സി. ദിവാകരൻ: സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ അങ്ങ് റൂളിംഗ് കൊടുക്കുമെങ്കിൽ ഞാനിത് അവസാനിപ്പിക്കാം. ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, കോടികളുടെ തട്ടിപ്പ് നടത്തുന്ന കോൺഗ്രസ്സ് മുഖ്യമന്ത്രിമാരുടെ പട്ടികയിലേയ്ക്ക് കേരളത്തിലെ മുഖ്യമന്ത്രിയുടെ പേര് ചേർത്തുവായിക്കാൻ ഒരു ശരാശരി കേരളീയൻ ഇഷ്ടപ്പെടുന്നില്ല. ഇവിടെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത് കേരളത്തിലെ മുഖ്യമന്ത്രിയെ പ്രതിയാക്കാതിരുന്നതിനെ സംബന്ധിച്ചല്ല. അദ്ദേഹം 23–ാം സാക്ഷിയായി നിലവിലുള്ള പാമോലിൻ കേസ് വിചാരണ കൂടാതെ പിൻവലിക്കാൻ മന്ത്രിസഭ തീരുമാനിക്കുകയും ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ഹർജി കോടതി തള്ളുകയും ചെയ്ത സാഹചര്യത്തിലാണ് ഈ അടിയന്തര പ്രമേയം കൊണ്ടുവന്നത്. ഈ കേസ് പിൻവലിക്കാനുള്ള തീരുമാനത്തിന്റെ യുക്തി എന്താണ്; നമ്മൾ നിയമസഭയെ ഒരു mockery ആക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ കേസ് പിൻവലിക്കുക, തുടർന്നുവരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് കേസ് പിൻവലിക്കുന്ന തീരുമാനത്തെ പിൻവലിച്ച് കേസ്സുമായി മുന്നോട്ടുപോകുക, യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ വീണ്ടും പിൻവലിക്കുക ഈ രീതിയിൽ നിയമസഭയെ ഒരു കാഴ്ചവസ്തുവിനെപ്പോലെയാക്കുകയല്ലേ ചെയ്യുന്നത്. ഓരോ ഗവൺമെന്റ് വരുമ്പോഴും വ്യത്യസ്ത തീരുമാനമെടുത്തതുകൊണ്ട് ഒരു കേസ് 23 കൊല്ലമായി നീണ്ടുപോകുകയാണ്. ഇപ്പോൾ ഈ കേസ് പിൻവലിക്കുന്നതിനായി പറഞ്ഞ ഒരേയൊരു കാരണം നീണ്ടുപോയി എന്നുള്ളതാണ്. ആ കാര്യം ഞാൻ സമ്മതിക്കുന്നു. ഒരു കേസ് ഇത്രയുംകാലം നീണ്ടുപോകാൻ പാടില്ല. പക്ഷെ നീണ്ടുപോയി എന്നുപറയുമ്പോൾ അതിന്റെ

പ്രതിവിധി എന്നുപറയുന്നത് നിരുപാധികം പിൻവലിക്കുകയല്ല. എത്രയും വേഗം വിചാരണ നടത്തി തീർപ്പുകൽപ്പിക്കാനുള്ള സാഹചര്യമൊരുക്കിക്കൊടുക്കുകയായിരുന്നു ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. ഏതായാലും ഇവിടെ ചൂണ്ടിക്കാണിച്ച തരത്തിൽ വളരെയധികം സംശയങ്ങളുള്ള, നിഗമനങ്ങളുള്ള അഴിമതിക്ക് അന്വേഷണം നടത്തി ഇവിടെ ചാർജ് ചെയ്പ്പെട്ട ഒരു കേസ് ഒരുഘട്ടത്തിൽ പിൻവലിക്കാൻ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ തീരുമാനിച്ചു. പിന്നീട് വന്ന ഗവൺമെന്റ് വീണ്ടും കേസ് നടത്താൻ തീരുമാനിച്ചു. അതിനുശേഷം വന്ന ഗവൺമെന്റ് കേസ് പിൻവലിക്കാൻ തീരുമാനിച്ചു. ഇങ്ങനെ ഒരു സംശയത്തിന്റെ നിഴൽ ഉണ്ടാക്കിയെടുക്കേണ്ട കാര്യമുണ്ടായിരുന്നോ; ഇവിടെ പറയുന്ന തരത്തിൽ ഗവൺമെന്റ് സുതാര്യമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇത്രയധികം കാലം നീണ്ടുപോയ കേസ് വേഗത്തിൽ വിചാരണ പൂർത്തിയാക്കി തീർപ്പുകൽപ്പിക്കാനുള്ള സാഹചര്യമൊരുക്കിക്കൊടുക്കുകയായിരുന്നു വേണ്ടിയിരുന്നത്. വിചാരണയ്ക്ക് പാകമായി നിൽക്കുന്ന കേസ്, വിചാരണ ആരംഭിക്കാൻ തുടങ്ങുന്ന ഒരു കേസ് പിൻവലിച്ചുകൊണ്ടല്ല ഈ കാലതാമസത്തിനെ അഡ്രസ്സ് ചെയ്യേണ്ടിയിരുന്നത് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേസ് പിൻവലിച്ച സാഹചര്യം എന്താണ്; അതേ മാസംതന്നെ ബീഹാർ സംസ്ഥാനത്തെ ഒരു അഴിമതി കേസ്സിൽ ബീഹാറിലെ മുഖ്യമന്ത്രിയെ തുറുങ്കിലടച്ച അതേ ആഴ്ചയാണ് കേരളത്തിലെ ഒരു അഴിമതി കേസ് പിൻവലിക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അഴിമതി തടയുന്ന കാര്യത്തിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു എന്ന് നാം എല്ലാവരും കൂട്ടായി അഭിമാനിച്ചുകൊണ്ടിരുന്ന നമ്മുടെ സംസ്ഥാന

ത്താണ് 23 വർഷമായ ഒരു അഴിമതി കേസ് നിരുപാധികം വിചാരണ കൂടാതെ പിൻവലിക്കുന്നത്. ഇത് പാടില്ലായിരുന്നു.

ശ്രീ. കെ. ബാബു: കർണ്ണാടകയിൽ.............(മൈക്ക് ഓഫ്)

ശ്രീ. മാത്യൂ റ്റി. തോമസ്: ഇത് കർണ്ണാടകയല്ല, കേരള നിയമസഭയാണ്. വെറുതെ പ്രകോപിപ്പിക്കരുത്. ഞങ്ങൾ എക്സൈസ് വകുപ്പിലെ അഴിമതിയെക്കുറിച്ചൊന്നും പറഞ്ഞില്ലല്ലോ. ബീഹാർ സംസ്ഥാനത്ത് അഴിമതിക്കേസ്സിൽ ഒരു മുഖ്യമന്ത്രിയെ ശിക്ഷിച്ചു എന്നു പറയുന്നതിൽ ശ്രീ. കെ. ബാബുവും ശ്രീ. ഡൊമിനിക് പ്രസന്റേഷനും എന്തിനാണ് ദേഷ്യപ്പെടുന്നത്;

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........... പ്ലീസ് കൺക്ലൂഡ്.

ശ്രീ. മാത്യു റ്റി. തോമസ്: എന്നെ തടസ്സപ്പെടുത്തരുത്. ഞാൻ സാധാരണ വാക്കൗട്ട് പ്രസംഗം നീട്ടിക്കൊണ്ടുപോകുന്ന ആളല്ല. അഴിമതിക്കാരെ ശിക്ഷിക്കുന്ന ഒരു സംസ്കാരം രാജ്യത്ത് വളർന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിൽ ഒരു അഴിമതിക്കേസ് നിരുപാധികം പിൻവലിക്കുകയാണ്. നിരപരാധികളാണെങ്കിൽ വിചാരണയിലൂടെ നിരപരാധിത്വം തെളിയിച്ച് പുറത്തുപോകട്ടെ, അതിനുതയ്യാറാകാതെ കേസ് പിൻവലിക്കാനുള്ള മന്ത്രിസഭാ തീരുമാനം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അത് നിയമത്തിനുമുന്നിൽ നിലനിൽക്കില്ലെന്ന് കോടതി കണ്ടെത്തിയിരിക്കുന്നു. ഈ വിഷയം സഭയിൽ ചർച്ച ചെയ്യാതെ ഒളിച്ചോട്ടം നടത്തിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ.എ. അസീസ്: സർ, പാമോലിൻ കേസ് പിൻവലിക്കാനുള്ള മന്ത്രിസഭാ തീരുമാനം സാമൂഹ്യനീതിക്ക് യോജിച്ചതല്ല എന്ന കണ്ടെത്തലാണ് തൃശ്ശൂർ വിജിലൻസ് കോടതി നടത്തിയിട്ടുള്ളത്. ആ സുപ്രധാനമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യാൻ അടിയന്തര പ്രമേയമായി അവതരിപ്പിച്ചത്. ഈ അടിയന്തര പ്രമേയം ചർച്ച ചെയ്യാൻ കൂട്ടാക്കത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പാമോലിൻ കേസ് പിൻവലിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ പൊതുതാൽപ്പര്യത്തിന് വിരുദ്ധമായിട്ടാണെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. പൊതു താൽപ്പര്യത്തിന് വിരുദ്ധമായ കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടക്കുമ്പോൾ, അത് നിയമസഭയിൽ ചർച്ച ചെയ്യുന്നത് സ്വാഭാവിക നീതി മാത്രമാണ്. അങ്ങനെയാരു നിലപാട് സ്വീകരിക്കുന്നതിനുപകരം മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എടുത്ത നിലപാട് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. അദ്ദേഹം നിയമസഭയിൽ നിന്നും കോടതിയിൽ നിന്നും ഒളിച്ചോടുകയാണ്. അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചതുപോലെ, ഉദ്ദേശ്യശുദ്ധിയോടുകൂടിയാണ് ആ കാര്യം ചെയ്തതെങ്കിൽ അത് കോടതിയെ ബോദ്ധ്യപ്പെടുത്തി ട്രയലിന് വിധേയനായി അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കാൻ ഒരു സുവർണ്ണാവസരമുണ്ടല്ലോ, ആ അവസരം വിനിയോഗിക്കാതെ അദ്ദേഹം എന്തിനാണ് ഒളിച്ചോടുന്നത്? അതുപോലെ തന്നെ അദ്ദേഹം എന്നെ പ്രതിയാക്കിയില്ലല്ലോ എന്ന നിയമപരമായ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. മുഖ്യമന്ത്രി

അങ്ങനെ ചോദിക്കാൻ പാടില്ലായിരുന്നു. സാക്ഷിപ്പട്ടികയിലെ ഒരാളെ പ്രതിയാക്കണമെങ്കിൽ ട്രയൽ സമത്ത് മാത്രമേ അത് സാധിക്കുകയുള്ളൂ. അങ്ങനെ ട്രയൽ സമത്ത് മാത്രം സാധിക്കാവുന്നൊരു കാര്യമുണ്ട് എന്ന് മനസ്സിലാക്കിയാണ് ട്രയൽ ഒഴിവാക്കാനായി കേസ് പിൻവലിക്കണമെന്ന നില പാടിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേർന്നത്. അത് അങ്ങയിൽ നിന്നും ആരും പ്രതീക്ഷിക്കുന്ന ഒരു കാര്യമല്ല. അതുകൊണ്ട് കേസ് നടത്തുക, കേസിൽ അങ്ങയുടെ നിരപരാധിത്വം തെളിയിക്കുക, ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക, ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് ജനപ്രതിനിധികളെ ബോദ്ധ്യപ്പെടുത്തുക, ജനപ്രതിനിധികളെ ബോദ്ധ്യപ്പെടുത്താനുള്ള വേദിയാണ് ഇത്. അതൊന്നും ചെയ്യാത്ത നിരുത്തരവാദപരമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## വ്യക്തിപരമായ വിശദീകരണം

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഏതോ ജഡ്ജിയെ ഞാൻ പാക്കിസ്ഥാൻ ചാരനെന്ന് വിളിച്ചുവെന്നാണ് ആരോപണമുന്നയിച്ചത്. അതുപോലെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോഴും എന്റെ പേര് പറയാതെ പാക്കിസ്ഥാൻ ചാരനെന്ന് വിളിച്ചുവെന്ന് പറയുകയുണ്ടായി. ഈ രണ്ടുപേരും പറഞ്ഞതിനെ

ഞാൻ ശക്തമായ ഭാഷയിൽ നിഷേധിക്കുകയാണ്. ഞാൻ ഈ കാര്യത്തിൽ ഒരു ചെറിയ അഭിപ്രായം സൂചിപ്പിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട ചെയർ എന്നെ അനുവദിക്കണം. തിരുവനന്തപുരം വിജിലൻസ് കോടതി യിലെ ജഡ്ജിയായ ജസ്റ്റീസ് ഹനീഫ, അദ്ദേഹം 17 പേജുകളുള്ള ഒരു ജഡ്ജ്മെന്റ് എഴുതി. സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഒരു കേസിൽ സാക്ഷിയെ പ്രതിയാക്കാനുള്ള തീരുമാനമെടുത്തുകൊണ്ടുള്ള ജഡ്ജ്മെന്റാണ് നടത്തിയത്. ഒരു ജില്ലാ ജഡ്ജിക്ക് അതിന് അധികാരമില്ല എന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് ജസ്റ്റീസ് ഹനീഫ അത് ചെയ്തത് തെറ്റാണെന്നും അദ്ദേഹം അങ്ങനെ ചെയ്യുമെന്ന് നേരത്തെ പ്രസംഗിച്ചിരുന്നുവെന്നുമുള്ള കാര്യം ഞാൻ പരസ്യമായി പറഞ്ഞത്. ഒരു സ്ഥലത്തും ജസ്റ്റീസ് ഹനീഫ പാക്കിസ്ഥാൻ ചാരനെന്ന് പറഞ്ഞിട്ടില്ലെന്ന് മാത്രമല്ല, ഞാൻ അങ്ങനെ വിശ്വസിക്കുന്നതുമില്ല. ആ പറഞ്ഞവരുടെ പാർട്ടിയുമായി അദ്ദേഹത്തിനുള്ള ബന്ധം ജനങ്ങളെ ഞാൻ ബോദ്ധ്യപ്പെടുത്തി എന്നത് മാത്രമാണ്. അതുകൊണ്ട് സത്യസന്ധമായി ഞാൻ നടത്തിയ പ്രസ്താവനയെ വളച്ചൊടിക്കുന്ന നടപടി ലജ്ജാകരമാണ് എന്നു കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ 2006-ൽ പ്രതിപക്ഷത്തിരുന്ന് പ്രതിപക്ഷ നേതാവായ ശ്രീ. ഉമ്മൻ ചാണ്ടി, ഞാൻ പ്രതി പക്ഷത്തിന്റെ ഭാഗമല്ല, എന്നാൽ ഇരിക്കുന്ന കാലത്തും അദ്ദേഹം പരസ്യമായി പാമോലിൻ കേസ് പിൻവലിക്കപ്പെടേണ്ടതാണെന്ന് പറയുന്നത് ഞാൻ കേട്ടി ട്ടുണ്ട്. അദ്ദേഹം പ്രതിപക്ഷത്തിരിക്കുമ്പോഴും 2005-ൽ മുഖ്യമന്ത്രിയായി ഇരിക്കുമ്പോഴും ഇത് വിത്ഡ്രോ ചെയ്യണമെന്ന അഭിപ്രായം രേഖപ്പെടുത്തിയി ട്ടുള്ളതാണ്. അദ്ദേഹത്തിന്റെ അഭിപ്രായം അതാണെന്ന് അന്നും ബോധ്യമാണ്,

ഇന്നും ബോധ്യമാണ്. അതിനെതിരെ പ്രചരണം നടത്തിയിട്ട് ഒരു കാര്യവുമില്ല, പ്രതിപക്ഷം വെറുതെ ഈയൊരു ആരോപണമുണ്ടാക്കിയത് ശരിയല്ല എന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുകയാണ്.

(ശ്രദ്ധക്ഷണിക്കൽ)